**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3406** **26-10-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക മേഖലയുടെ ഉന്നമനം ഉറപ്പിക്കാൻ സ്വീകരിച്ചു വരുന്ന പ്രധാന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഫയൽ ജോലികൾക്കിടയിൽ കർഷകരുമായി നേരിട്ടിടപെട്ട് അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരവും ഒപ്പം കാർഷിക മേഖലാവികസനം ഉറപ്പുവരുത്താനുമായിട്ടും അതിലൂടെ കർഷകരുടെ വരുമാനവർദ്ധനവ് ഉറപ്പാക്കുവാനുമായുള്ള കൃഷി വകുപ്പ പ്രവർത്തനങ്ങൾ എന്താണ് എന്നു വിശദമാക്കുമോ; | (എ) | ശാസ്ത്രീയ കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും കർഷകർക്കിടയിൽ യഥാസമയം കൃഷി, സസ്യസംരക്ഷണ മുറകളെ കുറിച്ചുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനും കൃഷിക്കാവശ്യമുള്ള വിത്തുകൾ, തൈകൾ, മറ്റു ഉല്പാദനോപാധികൾ എന്നിവ നൽകുന്നതിനും കൃഷി ഭവനുകൾ പ്രവർത്തിച്ചു വരുന്നു. കൃഷി വകുപ്പിന്റെ വിവിധ സേവനങ്ങൾ ഏറ്റവും സുതാര്യമായും കാര്യക്ഷമമായും സമയബന്ധിതമായി കർഷകരിലേക്കെത്തിക്കുക, കർഷകർക്കാവശ്യമായ സാങ്കേതിക ഉപദേശങ്ങളും, കാലാവസ്ഥാ - വിപണി വിവരങ്ങളും, വിവിധ ഉല്പാദനോപാധികളും ഒരു കുടക്കീഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യങ്ങളോടെ 2021 - 22 സാമ്പത്തിക വർഷത്തിൽ ആരംഭിക്കുന്ന പദ്ധതിയാണ് സ്മാർട്ട് കൃഷിഭവൻ. സ്മാർട്ട് കൃഷിഭവൻ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ താഴെ പറയുന്നവയാണ്. കൃഷി ഭവനുകളുടെ പ്രവർത്തനം കർഷക സൗഹൃദമാക്കി കൃഷി ഉദ്യോഗസ്ഥരുടെ സേവനം കൂടുതൽ സമയം ഫീൽഡിൽ ലഭ്യമാക്കുക, വിള ആരോഗ്യ ക്ലിനിക്കുകളെ ആധുനീകരിക്കുകയും വീഡിയോ കോൺഫറൻസിംഗ്, ഓൺലൈൻ ട്രെയിനിങ് സംവിധാനങ്ങളും കർഷകർക്കാവശ്യമായ സാങ്കേതികോപദേശങ്ങളും, കാലാവസ്ഥാ-വിപണി വിവരങ്ങളും, കീട രോഗ നിയന്ത്രണോപദേശങ്ങളും മണ്ണ് പരിശോധന സംവിധാനങ്ങളും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ലഭ്യമാക്കുക, ഫാമുകളെ കമ്പ്യൂട്ടർവൽക്കരിക്കുകയും ഉല്പാദനോപാധികളുടെ ലഭ്യത ഓൺലൈനായി കർഷകർക്ക് ലഭ്യമാക്കുകയും ഓൺലൈൻ ഇൻവോയ്സ് സിസ്റ്റം മുഖേന കൃഷിഭവനുകളിൽ വിതരണം നടത്തുകയും ചെയ്യുക. കൃഷിഭവനുകളിൽ കാർഷിക കർമ്മ സേന, ഇക്കോഷോപ്, അഗ്രോ സർവീസ് സെന്റർ സേവനങ്ങൾ ലഭ്യമാക്കി |

| | | | |
|---|---|---|---|
| | | | കാർഷിക സേവനങ്ങളുടെ ഹബ് ആക്കി മാറ്റുക. മേൽ പറഞ്ഞ പ്രവർത്തനങ്ങളിലൂടെ കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരവും ഒപ്പം കാർഷിക മേഖലാവികസനം ഉറപ്പുവരുത്താനും അതിലൂടെ കർഷകരുടെ വരുമാന വർദ്ധനവും ലക്ഷ്യമിടുന്നു. |
| (ബി) | സംസ്ഥാനത്ത് കൃഷിഭൂമി തരംമാറ്റം നടത്തുന്നതും തരിശിടുന്നതും തടയുവാനും കൃഷിഭൂമി കൃഷിക്കായി ഉപയോഗിക്കുന്നതിനും ഒപ്പം ഉപയോഗപ്രദമാക്കാനുള്ള എന്തു നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ; | (ബി) | കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് 2008 വകുപ്പ് (15) പ്രകാരം പ്രാദേശിക നിരീക്ഷണ സമിതിയ്ക്ക്, കൃഷിയിറക്കാതെ തരിശിട്ടിട്ടുള്ള ഏതെങ്കിലും നെൽവയലിന്റെ അനുഭവക്കാരനോട് അയാൾ നേരിട്ടോ, അയാളുടെ ഇഷ്ടാനുസരണം മറ്റേതെങ്കിലും ആൾ മുഖേനയോ, നെല്ലോ, പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾ പ്രകാരമുള്ള മറ്റേതെങ്കിലും ഇടക്കാല വിളയോ കൃഷി ചെയ്യാൻ നിർദ്ദേശിക്കാവുന്നതാണ്. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് 2008 വകുപ്പ് (16) പ്രകാരം തരിശ് നിലങ്ങളിൽ കൃഷി ചെയ്യുന്നതിന് വ്യവസ്ഥ നിലവിലുണ്ട്. തരിശ് നിലങ്ങളിൽ പാട്ട വ്യവസ്ഥയിൽ നെൽകൃഷി ചെയ്യുന്നതിന് കർഷകന് 35000 രൂപയും ഭൂവുടമയ്ക്ക് 5000 രൂപയും ഉൾപ്പെടെ ആകെ 40000 രൂപ ഹെക്ടർ ഒന്നിന് ആനുകൂല്യം നൽകി വരുന്നുണ്ട്. |
| (സി) | ഇതോടൊപ്പം കാർഷികമേഖലയിലെ കുളങ്ങൾ തടാകങ്ങൾ ഉൾപ്പെടെ മറ്റിതര ജലസ്രോതസ്സുകളുടെ മലിനീകരണവും, നികത്തലും, നശിപ്പിക്കലും തടയുവാനും ഇവ സംരക്ഷിച്ച് കാർഷിക മേഖലയുടെ ഉന്നമനം ഉറപ്പിക്കാനുമായി സർക്കാർ സ്വീകരിച്ചു വരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ? | (സി) | നെൽ വയൽ, തണ്ണീർത്തടങ്ങൾ ഉൾപ്പെടുന്ന ജലസ്രോതസ്സുകളെ സംരക്ഷിക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പാക്കിയ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് 2008 പ്രകാരം തണ്ണീർത്തടങ്ങൾ നികത്തുന്നത് പൂർണ്ണമായും തടഞ്ഞിട്ടുണ്ട്. നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ശക്തമായ നടപടികൾ കൈക്കൊള്ളുന്നുണ്ട്. കൂടാതെ കാർഷിക മേഖലയുമായി ബന്ധപ്പെട്ടു കിടക്കുന്ന ജലസ്രോതസ്സുകളുടെ സംരക്ഷണം ആർ.ഐ.ഡി.എഫ്., ആർ.കെ.ഐ പദ്ധതികൾ മുഖേന നടപ്പിലാക്കി വരുന്നുണ്ട്. ആർ.ഐ.ഡി.എഫ് ട്രാഞ്ചെ XXVൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിൽ പരുതൂർ കൃഷി ഭവൻ പരിധിയിലുള്ള നാനാർച്ചി കുളത്തിന്റെ നവീകരണവും ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന കോമൻകുളങ്ങര കുളത്തിന്റെ നവീകരണവും ഇപ്പോൾ നടന്നു വരുന്നുണ്ട്. ആർ.ഐ.ഡി.എഫ്. XXIVൽ ഉൾപ്പെട്ട കണ്ണൂർ ജില്ലയിലെ ധർമടം നിയോജക മണ്ഡലത്തിലെ വയൽ പീടിക കുളം, കുട്ടിവയൽ ബാവോട്, ആനപ്പാലം പുതിയൊട്ടു ചിറ എന്നിവയുടെ നവീകരണ പ്രവർത്തികളും നടപ്പിലാക്കി വരുന്നുണ്ട്. ഇടുക്കി ജില്ലയിലെ കരിമണ്ണൂർ സംസ്ഥാന വിത്തുൽപ്പാദന കേന്ദ്രത്തിലെ കുളത്തിന്റെ |

| | | | |
|---|---|---|---|
| | | | സംരക്ഷണം ട്രാഞ്ചെ XXIIൽ പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ